*23-06-2026*
*Financial Business*

**ധനകാര്യം**

2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് സർവതല സ്പർശിയും വികസനോന്മുഖവുമായ ഒരു ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഉയർന്ന പൊതുകടം, വർധിച്ചുവരുന്ന ചെലവുകൾ, പരിമിതമായ ധനകാര്യ വിഹിതം എന്നീ വെല്ലുവിളികൾക്കിടയിലാണ് ഈ ജനപ്രിയ ബജറ്റ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഗുരുതര സാമ്പത്തിക സാഹചര്യം ധവളപത്രത്തിലൂടെ വെളിപ്പെട്ടതാണ്. ചാലക്കുടിയുടെ ദീർഘകാല ആവശ്യമായ റവന്യൂ ടവറിന് 11 കോടി രൂപയും ചാലക്കുടിയിൽ പനമ്പള്ളി ഗോവിന്ദ മേനോൻ സ്മാരകം നിർമ്മിക്കുന്നതിനായി ഒരുകോടി രൂപയും ആതിരപ്പള്ളി വിനോദസഞ്ചാര കേന്ദ്രത്തിൽ പ്രകൃതി സൗഹൃദ ലൈറ്റിങ് പദ്ധതിക്കായ് 5 കോടി രൂപയും ഉൾപ്പെടെ നിരവധി പദ്ധതികൾ ഈ ബജറ്റിൽ അനുവദിച്ചതിന് ചാലക്കുടിയിലെ ജനങ്ങൾക്കുവേണ്ടി ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. പറഞ്ഞ വാക്കിന് മൂല്യവും ഉറപ്പുമുണ്ടെന്ന് ജനങ്ങളോട് വ്യക്തമാക്കിയാണ് ഈ സർക്കാർ അധികാരമേറ്റത്. സർക്കാരിന്റെ മധുവിധുകാലത്തുതന്നെ പറഞ്ഞ വാഗ്ദാനങ്ങൾ നിറവേറ്റാൻ കാണിക്കുന്ന ശ്രമം ശ്ലാഘനീയമാണ്. വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന വാഗ്ദാനം ആദ്യ മന്ത്രിസഭാ യോഗത്തിൽത്തന്നെ പാലിച്ചു. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ പത്തുകോടി രൂപയും അനുവദിച്ചു. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര എന്ന വാക്കും പാലിച്ചു. ഇതിനായി ബജറ്റിൽ 600 കോടി രൂപ നീക്കിവച്ചു. അടിസ്ഥാന തൊഴിൽമേഖലയിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ സ്ത്രീകൾക്കും ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ പോയി ജോലി ചെയ്യുന്നവർക്കും ഉൾപ്പെടെ എല്ലാ വിഭാഗം സ്ത്രീകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ സുരക്ഷ നൽകുന്ന 'ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' രോഗികൾക്കും ജീവിത സായാഹ്നത്തിലെത്തി നിൽക്കുന്ന വയോജനങ്ങൾക്കും ഏറെ ആശ്വാസം പകരും. ബജറ്റിൽ പ്രഖ്യാപിച്ചതിലൂടെ യു.ഡി.എഫ്.-

ന്റെ 'ഇന്ദിരാ ഗാരന്റി' വാഗ്ദാനമാണ് നടപ്പിലാകുന്നത്. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി പത്തുകോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. സാധാരണക്കാരെ കേൾക്കുന്ന, ചേർത്തുപിടിക്കുന്ന സർക്കാർ ആശാവർക്കർമാരുടെയും അങ്കണവാടി ടീച്ചർമാരുടെയും ഓണറേറിയം വർധിപ്പിച്ചതും ഇതിന്റെ ഭാഗമായാണ്. ഒരു പുതുയുഗ കേരളം സൃഷ്ടിക്കപ്പെടുമെന്ന പ്രതീക്ഷയാണ് ഈ ബജറ്റ് നൽകുന്നത്. സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും മാരകരോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്കും കൈത്താങ്ങാകുന്നതിന് 'വൺ കേരള കരുതൽ മിഷൻ' എന്ന പേരിൽ നൂതന പദ്ധതി പ്രഖ്യാപിക്കുകയും പ്രാരംഭപ്രവർത്തനങ്ങൾക്കായി ഒരുകോടി രൂപ വകയിരുത്തുകയും ചെയ്തത് പ്രശംസനീയമാണ്. രാജ്യാന്തര പ്രതിസന്ധി കാരണം തിരികെയെത്തുന്ന പ്രവാസികളെ ബാധ്യതയായി കാണാതെ കേരളത്തിന്റെ വളർച്ചയുടെ പ്രധാന ചാലകശക്തിയായി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് ബജറ്റിലെ പല പ്രഖ്യാപനങ്ങളും നടത്തിയിട്ടുള്ളത്. 'പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്' രൂപീകരിക്കുമെന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. കേരളത്തിന്റെ പരമ്പരാഗത ഭക്ഷണങ്ങളെയും പാചക പാരമ്പര്യത്തെയും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും വികസിപ്പിക്കാനുമായി 'പാചകകലാ ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കാനുള്ള ബജറ്റ് നിർദേശവും അഭിനന്ദനാർഹമാണ്. ആഗോള സമ്പദ്‌വ്യവസ്ഥയ്ക്കനുസൃതമായി യുവജനങ്ങളെ സജ്ജരാക്കുന്നതിനുള്ള വിദ്യാഭ്യാസ നൈപുണ്യ വികസന സംവിധാനങ്ങളുടെ പ്രഖ്യാപനങ്ങൾക്കും പൊതുവിദ്യാഭ്യാസ മേഖലയ്ക്കും വലിയ പ്രാധാന്യമാണ് ബജറ്റിൽ നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ മേഖലയ്ക്കാകെ 1477.57 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മനുഷ്യ-വന്യജീവി സംഘർഷത്തിൽ വലയുന്ന മലയോര മേഖലയ്ക്ക് ആശ്വാസമാണ് ഈ ബജറ്റ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 192.20 കോടി രൂപയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ കൂടുതൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ വിന്യസിക്കുമെന്ന പ്രഖ്യാപനവും കടുവ, പുലി എന്നിവയുടെ സെൻസസ് നടത്തുകയും മാറ്റിപ്പാർപ്പിക്കുകയും ചെയ്യുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. കേരളത്തെ ഗ്ലോബൽ

ഗോൾഡ് ഹബ്ബാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായാൽ കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റുകൾ തുറക്കുന്നതിന് കളമൊരുങ്ങും. വൻതോതിൽ നിക്ഷേപമെത്താനും ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനും കേരളത്തനിമയുള്ള ആഭരണ ഡിസൈനുകൾ ലോകതലത്തിലേക്ക് എത്താനും ഇത് സഹായിക്കും. കേരളത്തിന്റെ സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങളായ തൃശ്ശൂരിനെയും കൊച്ചിയെയും ബന്ധിപ്പിച്ച് ആഭരണ നിർമ്മാണ ഇടനാഴി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചത് ഈ മേഖലയ്ക്കും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും ഏറെ ഗുണം ചെയ്യും.

സിനിമയ്ക്ക് വ്യവസായ പദവി നൽകിയത് ഈ സർക്കാരിന്റെ ചരിത്രപരമായ തീരുമാനമാണ്. വ്യവസായ പദവി ലഭിക്കുന്നതോടെ സിനിമയുടെ സമസ്ത മേഖലകളുടെയും വളർച്ചയ്ക്ക് കളമൊരുങ്ങും. നഷ്ടത്തിലുള്ള ചലച്ചിത്രരംഗത്തിന് ജീവശ്വാസം ലഭിക്കും. ഈ ചുവടുവയ്പ് കാലത്തിന്റെ ആവശ്യം കൂടിയായിരുന്നു. ആയിരങ്ങൾക്ക് അന്നമേകുന്ന വലിയ തൊഴിലിടത്തിന് അർഹമായ പരിഗണന ലഭിച്ചുവെന്നത് നിസ്സാരകാര്യമല്ല. മലയാള സിനിമയുടെ പിതാമഹൻ ജെ. സി. ഡാനിയലിന്റെ പേരിൽ കൊച്ചിയിൽ ഫിലിം സിറ്റിക്കായി 100 കോടി രൂപ വകയിരുത്തിയ തീരുമാനവും സിനിമാ മേഖലയോട് ഈ സർക്കാരിനുള്ള കരുതലിന്റെ മറ്റൊരു അടയാളമാണ്. അന്തരിച്ച നടൻ സലിംകുമാറിനായി എറണാകുളത്ത് സ്മാരകം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയതും ജോൺസൺ മാഷിന്റെ പേരിൽ തൃശ്ശൂരിൽ മ്യൂസിക് അക്കാദമി ആരംഭിക്കുന്നതിനായി അഞ്ചുകോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. ചാലക്കുടിയിലെ അതുല്യകലാകാരൻ കലാഭവൻ മണിയുടെ പേരിൽ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുഗതാഗതമേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്റ്റേജ് കാരിയേജ് ബസ്സുകൾക്ക് വലിയ ആശ്വാസമേകുന്ന പ്രഖ്യാപനമാണ് ബജറ്റിലുണ്ടായിരിക്കുന്നത്. ഈ വാഹനങ്ങളുടെ നിലവിലെ ത്രൈമാസ നികുതിയിൽ അമ്പതുശതമാനം ഇളവനുവദിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഇലക്ട്രിക് വാഹന ഉപഭോക്താക്കളുടെ നികുതി കുറവും എടുത്തുപറയേണ്ടതാണ്. പട്ടയഭൂമിയിൽ നിലവിലുള്ള നിർമ്മാണങ്ങൾ ഉപാധിരഹിതമായി

ക്രമവൽക്കരിച്ച് നൽകുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. തലമുറകളായി പട്ടയമില്ലാതെ ഇറിഗേഷൻ ഭൂമിയിലും വനഭൂമിയിലുമടക്കം താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനും പട്ടയഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനുമുള്ള നടപടികൂടി സ്വീകരിക്കണം. നിലവിൽ കൊച്ചി മെട്രോയുടെ മൂന്നാംഘട്ടം അങ്കമാലി വരെയാണ്. മൂന്നാംഘട്ടം ഇൻഫോ പാർക്ക് വരെയും നാലാം ഫേസായി ഉയർത്തി കൊരട്ടി വരെയും നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മുമ്പ് ഒരു ഗവൺമെന്റും നേരിടാത്ത വിധത്തിലുള്ള ധനപരമായ വെല്ലുവിളികളും സാമ്പത്തിക പ്രയാസങ്ങളുമാണ് ഈ ഗവൺമെന്റ് അഭിമുഖീകരിക്കുന്നത്. എന്നിട്ടും ഒരു രൂപപോലും നികുതി വർധിപ്പിക്കാതെ പരിമിതികൾക്കുള്ളിൽനിന്ന് ഒരു പുതുയുഗ കേരളം സൃഷ്ടിക്കാനുള്ള പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച്, നിക്ഷേപങ്ങൾ വർധിപ്പിച്ച്, അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിച്ച്, ഖജനാവ് നിറയ്ക്കാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്. ഖജനാവിലെത്തുന്ന പണമുപയോഗിച്ച് സമ്പത്തിന്റെ നീതിപൂർണ്ണമായ വിതരണം നടത്തുകയും സാധാരണക്കാരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ചേർത്തുനിർത്തുകയുമാണ് ഈ ബജറ്റിന്റെ വിശാലമായ ലക്ഷ്യം.

കേരളത്തിന്റെ വർഷങ്ങളായുള്ള പ്രധാന ആവശ്യമാണ് എയിംസ്. എയിംസ് നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊരട്ടിയിൽ സർക്കാരിന്റെതന്നെ കൈവശമുണ്ട്. എയിംസിനുവേണ്ടി അല്പം ഭൂമി പോലും അക്വയർ ചെയ്യേണ്ടതില്ല, കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും കൈവശം 250 ഏക്കർ ഭൂമി നിലവിലുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ആളുകൾക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാവുന്ന പ്രദേശമാണിത്. കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും അതിന് അനുകൂലവുമായ സ്ഥലമാണിത്. ഈ നാടിന് ഏറ്റവും ആവശ്യമായ എയിംസ് കൊരട്ടിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾകൂടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജനങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്ന, ഒരു പുതുയുഗ കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു. നിയമസഭാ തിരഞ്ഞെടുപ്പിന്റെ റിസൾട്ട് വരുന്നതിന് തൊട്ടുമുമ്പ്, അന്നത്തെ പ്രതിപക്ഷനേതാവും ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ ചാർട്ടേഡ് വിമാനത്തിൽ കർണ്ണാടകയിലെ മംഗലാപുരത്തേക്ക് എന്തിനാണ് പോയതെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. എന്തിനാണ് പോയതെന്ന് പത്രക്കാർ ചോദിച്ചപ്പോൾ, അത് വ്യക്തിപരമായ കാര്യമാണ്, നിങ്ങൾ അതിലൊന്നും ഇടപെടേണ്ട കാര്യമില്ലെന്നാണ് അദ്ദേഹം നൽകിയ മറുപടി. അത് വ്യക്തിപരമായ കാര്യമല്ലാതെയാകുന്നത് ഈ ബജറ്റ് വന്നപ്പോഴാണ്. അദ്ദേഹം എന്തുകൊണ്ടാണ് ഈ ധനകാര്യ വകുപ്പ് ഏറ്റെടുത്തത്; വലിയ സ്വാധീനമുള്ള നേതാക്കന്മാരെ വെട്ടി എങ്ങനെ മുഖ്യമന്ത്രിയായി; ഇതിന്റെയൊക്കെ വഴികൾ വളരെ കൃത്യമായി ഈ ബജറ്റിലൂടെ നമുക്ക് മനസ്സിലാക്കാം. അദ്ദേഹം തുറമുഖ വകുപ്പിന്റെകൂടി ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. അത് അദാനിയുമായുള്ള ഒരു ഡീൽ ആണ്. ബജറ്റിൽ ആമുഖത്തിനുശേഷം 'മിഷൻ സമുദ്ര' പദ്ധതിയെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അപൂർവ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ട കോറിഡോർ പദ്ധതിയാണത്. ബജറ്റ് നന്നായി വായിച്ചാൽ പൊതുമുതൽ സ്വകാര്യ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നതിനുള്ള പദ്ധതിയാണ് ബജറ്റിലുടനീളമുള്ളതെന്ന് മനസ്സിലാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നമ്മുടെ മാധ്യമങ്ങൾ സംരക്ഷിച്ച് നിർത്തുകയാണ്. അദ്ദേഹം മാധ്യമങ്ങളോട് പറയുന്നത്, നിങ്ങളെ പുറത്താക്കി ഞാൻ വാതിലടയ്ക്കുമെന്നാണ്. പുറത്താക്കി വാതിലടയ്ക്കുമെന്ന് പറയുന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്; മാധ്യമ പ്രവർത്തകരെ ഉന്തിത്തള്ളി പുറത്താക്കലാണോ; സാധാരണനിലയിൽ പുറത്താക്കുകയാണോ; അതോ പുറത്തേക്ക് കടക്കണമെന്ന് പറയുകയാണോ? നമ്മുടെ പത്രക്കാർ അതൊന്നും ആ രീതിയിൽ പറയുന്നില്ലെന്ന് നാം മനസ്സിലാക്കണം. വി.ഡി.-മോഡി-അദാനി ഡീൽ ആണ് നടക്കുന്നതെന്നതാണ് ഈ ബജറ്റിലൂടെ നമുക്ക് മനസ്സിലാകുന്നത്. മൈനിങ് വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനാണ്. ഈ ഡീലിനെക്കുറിച്ച് അദ്ദേഹമറിഞ്ഞിട്ടുണ്ടോയെന്നുകൂടി വ്യക്തമാക്കുന്നത് നല്ലതാണ്. ഇത് ഇന്ദിരാ ഗാരന്റിയല്ല, അദാനി ഗാരന്റിയാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതുകൊണ്ടുമാത്രം മദ്യനികുതി

ഇളവുമായി ബന്ധപ്പെട്ട പ്രശ്നം അവസാനിക്കാൻ പോകുന്നില്ല. മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് ശ്രീ. വി.ഡി. സതീശനെ റെക്കമെൻഡ് ചെയ്ത ശ്രീ. വി. എം. സുധീരൻ തന്നെ അദ്ദേഹത്തിനെതിരായി കത്തെഴുതിയിരിക്കുകയാണ്. പാവപ്പെട്ടവർക്ക് ഭൂമി നൽകാനുള്ള ഭൂപരിഷ്കരണ നിയമമാണ് ഐക്യ കേരളത്തിലെ ഒന്നാമത്തെ മന്ത്രിസഭ അംഗീകരിച്ചതെങ്കിൽ, ഈ ബജറ്റിലെ രണ്ടാം ഭൂപരിഷ്കരണം വൻകിട കോർപ്പറേറ്റുകൾക്ക് കേരളത്തിന്റെ ഭൂമി തീറെഴുതാൻവേണ്ടിയുള്ളതാണ്. ഇവിടെ 'സ്പെഷ്യൽ ഇക്കണോമിക് സോൺ' എന്ന പുതിയൊരു പേര് പറയുകയുണ്ടായി. അത് പുതിയ അവതാരമാണ്. അത് നേരത്തെ ഗുജറാത്തിൽ ശ്രീ. നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന പദ്ധതിയാണെന്നും ഗുജറാത്തിലെ കൂട്ടക്കൊലയ്ക്കുശേഷം അദ്ദേഹം മുതലാളിമാരെ പ്രീണിപ്പിക്കാൻവേണ്ടി രൂപപ്പെടുത്തിയ പല പദ്ധതികളിലൊന്നാണിതെന്നും ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് മനസ്സിലാക്കിയിട്ടുണ്ടോയെന്നുകൂടി ഈ അവസരത്തിൽ ചോദിക്കുകയാണ്. ഇവിടെ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ആശയങ്ങളൊക്കെ കാലഹരണപ്പെട്ടുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. അദ്ദേഹം ഗുജറാത്ത് മുതലാളിമാരുമായി ചങ്ങാത്തം കൂടുകയും ചാർട്ടേഡ് വിമാനത്തിൽപോയി രഹസ്യ സംഭാഷണം നടത്തുകയും ചെയ്യുന്നു. കേരളത്തിൽ ഗുജറാത്തിലെ നിയമങ്ങൾ ഇറക്കുമതി ചെയ്യുന്നു. ഇതിലും വലിയ അത്ഭുതമൊന്നും ഈ ബജറ്റിലില്ല. ഇക്കാര്യത്തിൽ വ്യവസായവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ അഭിപ്രായംകൂടി അറിയണമെന്നുണ്ട്. ഇന്നലെ കെ.എസ്.ആർ.ടി.സി. ബസ്സിലെ സൗജന്യയാത്രയുമായി ബന്ധപ്പെട്ട് ഒരു ചർച്ച സഭയിൽ ഉയർന്നുവന്നു. ആ ചർച്ചയിൽ ചേലക്കര അംഗത്തിനെതിരെ വലിയ പ്രതിഷേധമുണ്ടായി. തിരുവനന്തപുരത്തെ ഓർഡിനറി ബസ്സുകൾക്ക് സിറ്റി ഫാസ്റ്റ് എന്ന് സ്റ്റിക്കർ ഒട്ടിച്ചിരിക്കുന്നതായ വാർത്ത ഞങ്ങൾ മാധ്യമങ്ങളിലൂടെ അറിഞ്ഞതാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി കുറച്ച് എം.എൽ.എ.-മാരോടൊപ്പം തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽപോയി എന്താണ് അവിടത്തെ അവസ്ഥയെന്ന് പരിശോധിക്കണം. ഞാൻ വെല്ലുവിളിക്കുകയൊന്നുമല്ല. പോകുമ്പോൾ മാധ്യമപ്രവർത്തകരെക്കൂടി കൂട്ടണം, അവരാണ് ഇത് പുറത്തുകൊണ്ടുവന്നത്. മുമ്പ് എത്ര

ഓർഡിനറി ബസ്സുകളുണ്ടായിരുന്നു, ഇപ്പോൾ എത്രയെണ്ണം സിറ്റി ഫാസ്റ്റാക്കിയെന്നുള്ള കണക്ക് നോക്കേണ്ടതാണ്.

30 ദിവസത്തിനകം 87 പേർക്ക് പനി ബാധിച്ചെന്ന് മുൻ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതുസംബന്ധിച്ച് ഇപ്പോഴത്തെ ആരോഗ്യവകുപ്പുമന്ത്രിയോട് ചോദിച്ച പത്രക്കാരനോടുള്ള പ്രതികരണം ധാർഷ്ട്യമില്ലായ്മയാണെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. ഒരു കാര്യം മനസ്സിലാക്കണം., ഏഴുതവണ അദ്ദേഹത്തെ ജനങ്ങൾ വീട്ടിലിരുത്തി. വടക്കാഞ്ചേരിക്കാരും തൃശ്ശൂരിലെ കോൺഗ്രസുകാരും വീട്ടിലിരുത്തിയെന്ന് അദ്ദേഹത്തിനുതന്നെ പരാതിയുള്ളതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മറ്റൊന്ന്, മമ്മൂട്ടി പ്രധാന കഥാപാത്രമായ വേഷം എന്ന സിനിമയിൽ ഒരു രംഗമുണ്ട്. അതിൽ ജഗതി ശ്രീകുമാർ പിന്നിൽനിന്നുകൊണ്ട് ഇടയ്ക്കിടെ ഒരു ആക്ഷൻ കാണിക്കും. ഇന്നസെന്റ് തിരിഞ്ഞുനോക്കുന്നത് കണ്ട് "എന്താ നോക്കുന്നേ" എന്ന ജഗതി ചോദിക്കുമ്പോൾ "അല്ല ആക്ഷൻ വന്നോയെന്ന് നോക്കിയതാണ്" എന്ന് ഇന്നസെന്റ് മറുപടി പറയും. അതുകേൾക്കുമ്പോൾ ജഗതിയുടെ ആക്കിയുള്ള ഒരു ചിരിയുണ്ട്. അങ്ങനെയുള്ള ചിരിയുടെ പേരാണ് 'പൂക്കി ചിരി'. ഇപ്പോൾ പൂക്കി ചിരിയുടെ പേര് കുട്ടികൾ പറയുന്നത് 'തേച്ച് പൂക്കി ചിരി'യെന്നാണ്. എന്നുപറഞ്ഞാൽ അവരെ തേച്ചുവെന്നാണ്. വാഹനങ്ങളിൽ മോഡിഫിക്കേഷൻ വരുത്താൻ കഴിയുമെന്ന ധാരണയിലായിരുന്നു അവർ. 'ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക' എന്ന ഒരു ചൊല്ല് നമ്മുടെ നാട്ടിലുണ്ട്. അങ്ങനെയൊന്നും ഞാൻ പറയുന്നില്ല, പൂക്കി ചിരിക്ക് എന്ത് പേര് വേണമെങ്കിലും ഇടാമെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ സാമ്പത്തിക ഞെരുക്കമുണ്ടെന്ന് ധവളപത്രം വഴി പറയുകയാണ്. ഒരു സാമ്പത്തികവർഷം അവസാനിക്കുമ്പോൾ സ്വാഭാവികമായും ഖജനാവിൽ ഇത്ര രൂപ ബാക്കിയുണ്ടാകുമെന്നതും അത് ഏതു സർക്കാർ ഭരണത്തിൽ വന്നാലും പ്രവർത്തിക്കാനുള്ളതാണെന്നും അറിയാത്തവരാരുമില്ല. പോക്കറ്റിൽ പണമുണ്ട്, എന്നാൽ അത് പത്രക്കാർക്കും പാലുകാർക്കും കൊടുക്കാതെ ജീവനക്കാർ സംരക്ഷിക്കുന്നുവെന്ന വലിയൊരു തത്വശാസ്ത്രം.....

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം. അങ്ങയുടെ സമയം കഴിഞ്ഞു. സമയ ക്ലിപ്തത പാലിക്കണം.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ചെറിയ ഒരു കാര്യംകൂടി പറയാനുണ്ട്. നമ്മൾ മനസ്സിലാക്കേണ്ടത്, ജീവക്കാരന്റെ വീട്ടിൽ ഒരു അത്യാപത്തുണ്ടായാൽ കൈയിലുള്ള പണം കുറച്ച് ചെലവാക്കും, കുറച്ചൊക്കെ കടം നിർത്തും. ശമ്പളം ലഭിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ട് സ്വഭാവികമായും പാലുകാരനും പത്രക്കാരനും അത് അനുസരിക്കും. വലിയ തത്വശാസ്ത്രം അവതരിപ്പിക്കുന്നവർ മനസ്സിലാക്കേണ്ടത്, കേരളം മഹാപ്രളയങ്ങളെയും കോവിഡിനേയും ഒട്ടേറെ പ്രകൃതി ദുരന്തങ്ങളെയും നേരിട്ടിട്ടുണ്ട്. ആരോടും ഒന്നും ചോദിക്കാതെയാണ് കേരളം ഇതിനെയെല്ലാം നേരിട്ടതെന്നുകൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. കണക്കുകളുടെ ജാലവിദ്യകൊണ്ട് ധവളപത്രം എന്ന ഉമ്മാക്കി ജനങ്ങൾക്കുനേരെ നീട്ടി കേരളത്തെ വില്പന ചരക്കാക്കാനുള്ള നീക്കം എന്തുവിലകൊടുത്തും സമര കേരളം ചെറുക്കുമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എ. റസാഖ് മാസ്റ്റർ: സർ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭയിൽ എന്നെയെത്തിച്ച സർവശക്തനായ സൃഷ്ടാവിന് നന്ദി പറയുകയും അതുപോലെ എനിക്ക് അവസരം നൽകിയ അഭിവന്ദ്യനായ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, ഞങ്ങളുടെ പ്രിയപ്പെട്ട ലീഡർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള നേതാക്കന്മാരെയും പ്രത്യേകം അഭിനന്ദിക്കുകയുമാണ്. മികച്ച ഭൂരിപക്ഷത്തിൽ എന്നെ വിജയിപ്പിച്ച കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുഴുവൻ വോട്ടർമാർക്കും എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ഞാൻ കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രത്യേകതയുള്ളതും എന്നാൽ വർഷങ്ങളായി അവഗണിക്കപ്പെടുന്നതുമായ ഒരു നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയാണ്. ഞാൻ അങ്ങയുടെ മുമ്പിൽ നിൽക്കുന്നത് ചില കാര്യങ്ങൾ സൂചിപ്പിക്കാനാണ്. കുന്ദമംഗലം എൻ.ഐ.ടി., ഐ.ഐ.എം., സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, സി.ഡബ്ല്യൂ.ആർ.ഡി.എം. എന്നിവയുള്ള ഒരു നിയോജകമണ്ഡലമാണ്. ഈ സഭയിലെ എട്ട് അംഗങ്ങൾ കുന്ദമംഗലം നിയോജകമണ്ഡലവുമായി ബന്ധമുള്ളവരാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. ടി.

സിദ്ദിഖ്, ശ്രീ. പി. കെ. ഫിറോസ്, ശ്രീമതി ഫാത്തിമ തഹിലിയ, ശ്രീമതി രമ്യ ഹരിദാസ്, ശ്രീമതി വിദ്യാ ബാലകൃഷ്ണൻ, ഞാനും ഉൾപ്പെടെയുള്ളവർ കുന്ദമംഗലത്തിന്റെ മക്കളാണ്. മരുമക്കളായി ശ്രീ. പി. കെ. ബഷീർ, ശ്രീ. വി. ടി. ബൽറാം എന്നിവരുമുണ്ട്. 255 ബൂത്തുകളും ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളതുമായ നിയോജകമണ്ഡലത്തിൽ ഈ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ പോളിങ് ശതമാനവും ഉണ്ടായിരുന്നു.

മലകളും കായലുകളും പുഴകളും പുഞ്ചപ്പാടങ്ങളും തോടുകളും തോട്ടങ്ങളും കൊണ്ട് അതിമനോഹരമാണെങ്കിലും കുന്ദമംഗലത്തിന്റെ വികസന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നിർഭാഗ്യവശാൽ സാധിച്ചിട്ടില്ല. നിയോജകമണ്ഡല പുനർനിർണ്ണത്തിനുശേഷം എൽ.ഡി.എഫ്. മാത്രം വിജയിച്ചിരുന്ന ഈ നിയോജകമണ്ഡലത്തിൽ യാതൊരുവിധത്തിലുള്ള വികസന പദ്ധതികളും ഇതുവരെ നടപ്പായിട്ടില്ല. ചാലിയാറിലെയും പൂനൂർ പുഴയിലെയും ശുദ്ധജലംപോലെ നിഷ്കളങ്ക മനസ്സുള്ളവരാണ് എന്റെ നിയോജകമണ്ഡലത്തിലുള്ളത്. പക്ഷെ പലരും നിത്യജീവിതത്തിന് വഴിയില്ലാത്തവരാണ്. സ്വന്തമായി വീടില്ലാത്തവർ, കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകാൻ ശേഷിയില്ലാത്ത മാതാപിതാക്കൾ, കാൻസർകൊണ്ട് കഷ്ടപ്പെടുന്ന കിടപ്പുരോഗികൾ എന്നിങ്ങനെ നീളുന്ന നിയോജകമണ്ഡലത്തിന്റെ ചരിത്രവും ജീവിതവും. ഇതിനെല്ലാം പരിഹാരമായി ഈ തിരഞ്ഞെടുപ്പിന് മുമ്പുതന്നെ യു.ഡി.എഫ്. നേതാക്കളും പ്രവർത്തകരും ചേർന്ന് കുന്ദമംഗലത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സഭയിലെ സമയപരിധി കാരണം ഞാനത് വിശദീകരിക്കുന്നില്ല. ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ എന്ന ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ഉൾപ്പെടുത്തണമെന്നും ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾക്ക് നീക്കിവച്ച ഫണ്ട് താരതമ്യേന കുറവായതിനാൽ അതുകൂടി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപൂർവം അഭ്യർഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ വർധിക്കാൻ പല കാരണങ്ങളുണ്ടെങ്കിലും മുഖ്യമായ ഒന്ന് തൊഴിൽരാഹിത്യമാണ്. മാവൂരിൽ ഗ്വാളിയോർ റയോൺസ് സ്ഥിതി ചെയ്തിരുന്ന നാനൂറോളം ഏക്കർവരുന്ന സ്ഥലത്ത് 5000 പേർക്കെങ്കിലും നേരിട്ട് തൊഴിൽ ലഭ്യമാക്കുന്ന ഒരു പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ബേപ്പൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായ ബഹുമാന്യനായ ശ്രീ. പി. എ. മുഹമ്മദ് റിയാസ് കോഴിക്കോടിന് വികസനമില്ലെന്നും കോഴിക്കോടിന് മന്ത്രിയില്ലെന്നുമുള്ള പരിഭവം ഇന്നലെ രേഖപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പരിഭവം മാറുന്ന രൂപത്തിലുള്ള ഉത്തരം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ സഭയിൽവച്ചത് നന്ദിപൂർവം ഓർക്കുകയാണ്. അദ്ദേഹത്തിന്റെ സങ്കടം തീരുകയും ഞങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടിരിക്കുകയുമാണ്. നിയമം അറിയുന്ന, പ്രാക്ടീസ് ചെയ്ത് പരിചയമുള്ള മുഖ്യമന്ത്രിയും വർഷങ്ങളോളം കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായി തിളങ്ങിയ നിലവിലെ വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ മുൻകൈ എടുക്കുമെന്നാണ് സഭയിൽ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് തീർച്ചയായും ബാംഗ്ലൂരും ഹൈദരബാദും പോലെ ഒരു ഐ.ടി. ഹബ്ബായി മാവൂരും മാറുമെന്ന പ്രത്യാശ ഞാനിവിടെ പങ്കുവയ്ക്കുകയാണ്. മാവൂർ പഞ്ചായത്തിൽ കുറ്റിക്കടവിൽ ഒരു പാലമുണ്ട്. ആ പാലം 26 വർഷങ്ങൾക്കുമുമ്പ് എം.പി. ആയിരുന്ന ഇ. അഹമ്മദ് സാഹിബ് അനുവദിച്ച jeepable road ആയിരുന്നു. ആ jeepable road-ൽ ഏതാനും വർഷങ്ങൾക്കുമുമ്പ് ഒരു അപകട മരണം സംഭവിക്കുകയുണ്ടായി. സംഭവകാരണം പാലത്തിന് വീതിയില്ലാത്തതാണ്. അവിടെ ഒരു പാലം വേണമെന്നത് ജനങ്ങളുടെ നിരന്തരമായുള്ള ആവശ്യമാണ്. എം.വി.ആർ. കാൻസർ സെന്ററിലേയ്ക്കും മെഡിക്കൽ കോളേജിലേയ്ക്കും എളുപ്പത്തിൽ എത്താൻ കഴിയുന്ന ഒരു പാലം വേണമെന്ന് ഇതുവരെയുണ്ടായിരുന്ന ജനപ്രതിനിധികളോട് നാട്ടുകാർ പലതവണ ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും സാധിച്ചുനൽകിയില്ല. ഈ സർക്കാർ ടി ആവശ്യം നിർവഹിക്കുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. മാവൂർ-കോഴിക്കോട് ഹൈവേയിൽ ഗതാഗതക്കുരുക്കുണ്ടായാൽ ബദൽ മാർഗമായി ഉപയോഗിക്കാൻ കഴിയുന്നതാണ് ഈ പാലമെന്ന കാര്യം സൂചിപ്പിക്കുന്നു. കോഴിക്കോട് നഗരത്തിന്റെ സാംസ്കാരിക, സാമ്പത്തിക, ഗതാഗത ചരിത്രവുമായി അഭേദ്യമായ ബന്ധമുള്ള മാമ്പുഴ പുഴയെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനാൽ മാലിന്യനിക്ഷേപവും കൈയേറ്റവും അനധികൃത നിർമ്മാണങ്ങളും കാരണം നദിയുടെ സ്വഭാവിക ഒഴുക്ക് തടസപ്പെട്ടിരിക്കുകയാണ്. 18 കിലോമീറ്ററോളം ദൈർഘ്യമുള്ള ഈ പുഴയുടെ പല ഭാഗങ്ങളും

ഇന്ന് ദയനീയാവസ്ഥയിലാണ്. കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറക് നൽകി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 'മിഷൻ സമൃദ്' എന്ന പദ്ധതിക്ക് ഒരു വിഷനും മിഷനുമുണ്ട്. ആ പദ്ധതിയോട് നൂറ് ശതമാനം ചേർന്നുനിൽക്കുന്ന ഒന്നാണ് മാമ്പുഴ. മാമ്പുഴ പുഴയുടെ സംരക്ഷണവും പുനരുജ്ജീവനവും കേരളത്തെ തുറമുഖാധിഷ്ഠിത സമ്പദ്‍വ്യവസ്ഥയിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തിനാണ് പിന്തുണ നൽകുന്നതാണ്. ഈ പുഴയിലൂടെ ഭാവിയിൽ മാവൂർ റോഡിന് സമാന്തരമായി ജല ഗതാഗത സാധ്യതകൾ വികസിപ്പിക്കാനും അതുവഴി വിനോദ സഞ്ചാരത്തിനും പൈതൃക സാമ്പത്തിക സാധ്യതകൾ പ്രയോജനപ്പെടുത്താനും കോഴിക്കോട് തുറമുഖ നഗരത്തിന് പുതിയ പുനരുജ്ജീവനം നൽകുവാനും സാധിക്കും. അതിനാൽ ഈ പദ്ധതിക്ക് ബജറ്റിൽ പ്രത്യേക ഊന്നൽ നൽകണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു. കോഴിക്കോട് ജില്ലയിലെ അതിവേഗം വളരുന്ന പ്രധാന ടൗണുകളിൽ ഒന്നാണ് കുന്ദമംഗലം. കോഴിക്കോട് താലൂക്ക് വിഭജിച്ച് കുന്ദമംഗലം കേന്ദ്രീകരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കണമെന്നുകൂടി ബഹുമാനപൂർവം അഭ്യർഥിക്കുകയാണ്. ഞാൻ 35 വർഷക്കാലമായി കോഴിക്കോട് മെഡിക്കൽ കോളേജ് ഉൾപ്പെടുന്ന പ്രദേശം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു സാധാരണ പ്രവർത്തകനാണ്. ആരോഗ്യരംഗത്ത് മലബാർ മേഖലയിലെ എല്ലാവരും ആശ്രയിക്കുന്ന കോഴിക്കോട് മെഡിക്കൽ കോളേജിന് ബജറ്റിൽ പ്രത്യേക പരിഗണന നൽകണം. 2001-ൽ കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം അഭിവന്ദ്യനായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ആശീർവാദത്തോടെ ആരംഭിച്ച സി.എച്ച്. സെന്ററുകൾ ഇന്ന് കേരളമാകെ വ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി കമ്മ്യൂണിറ്റി ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചപ്പോൾ അതിലൊന്ന് കോഴിക്കോട് സി.എച്ച്. സെന്ററിലായിരുന്നു. എല്ലാവരും ഭയപ്പെട്ടിരുന്ന കൊറോണ കാലത്ത്, കിടപ്പുരോഗികളെ പരിചരിക്കാൻ മഹാനായ ഹൈദർ അലി ശിഹാബ് തങ്ങളുടെയും സാദിഖ് അലി ശിഹാബ് തങ്ങളുടെയും നേതൃത്വത്തിൽ ആരംഭിച്ച പൂക്കോയ തങ്ങൾ ഹോസ്പിസിന് അയ്യായിരത്തിലധികം വാളന്റിയർമാരുണ്ട്. കോവിഡ് കാലത്തും മുണ്ടക്കൈ-ചൂരൽമല ദുരന്തകാലത്തും പി.റ്റി.എച്ച്. വാളന്റിയർമാരും മുസ്ലീം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ്

പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെയും ശ്രീ. പി. കെ. ഫിറോസ് എം.എൽ.എ.-യുടെയും നേതൃത്വത്തിലുള്ള വൈറ്റ് ഗാർഡും നടത്തിയ സേവനം നമ്മൾ കണ്ടതാണ്. 1957-ൽ മലബാറിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന ഘട്ടം വന്നപ്പോൾ കേരളത്തിലെ രണ്ടാമത്തെ മെഡിക്കൽ കോളേജ് കോഴിക്കോട് തന്നെ സ്ഥാപിക്കണമെന്ന് പറഞ്ഞത് അന്നത്തെ മുഖ്യമന്ത്രിയാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോതൊറാസിക് സർജറിക്കുള്ള തിയേറ്റർ നിർമ്മിച്ചുനൽകിയതും ഡിഫിബ്രിലേറ്റർ വാങ്ങി നൽകിയതും സി.എച്ച്.സെന്ററാണ്. ഡി.എം.ഇ. ആയ ഡോ. വിശ്വനാഥൻ കെ. വി. ജനിച്ചത് കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിലാണ്. ശ്രീമതി രമ്യ ഹരിദാസ് എം.എൽ.എ. ജനിച്ചത് ചെറൂപ്പയിലെ ഹെൽത്ത് സെന്ററിലാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ എല്ലാ ഡോക്ടർമാരും പരിശീലനം പൂർത്തിയാക്കുന്നത് ഈ ഹെൽത്ത് സെന്ററിലാണ്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് സമയ കൃത്യത പാലിക്കണം.

<u>ശ്രീ. എം. എ. റസാഖ് മാസ്റ്റർ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, പ്രധാനപ്പെട്ട കാര്യമാണ്, ഈ ഹെൽത്ത് സെന്റർ ഇന്ന് വളരെ ശോചനീയാവസ്ഥയിലാണ്. അവിടെ പരിശീലനം പൂർത്തിയാക്കാൻ വരുന്ന ഡോക്ടർമാർക്ക് ആവശ്യമായ അനുഭവ സമ്പത്തില്ലാതെ പോകുന്നു. ഡോ. ജി. കെ. വാരിയരെ പോലെയുള്ള പ്രഗത്ഭരായ ഡോക്ടർമാരും പ്രിയപ്പെട്ട ഡോ. എം. കെ. മുനീർ അടക്കമുള്ളവരും പരിശീലനം നേടിയത് ഈ ഹെൽത്ത് സെന്ററിലാണ്. അതിനെ **സി.എച്ച്.സി.** ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ബഹുമാനപൂർവം അഭ്യർത്ഥിക്കുകയാണ്. അവസാനമായി ഒരു കാര്യംകൂടി പറയാനുള്ളത്, എൽ.ഡി.എഫ്.-ന് ജനങ്ങൾ നൽകിയ കനത്ത തിരിച്ചടിയാണ് തിരഞ്ഞെടുപ്പ് ഫലം. അധികാരത്തിന്റെ അഹന്തയിൽ വർഗീയ ശക്തികൾക്ക് പരസ്യമായി പിന്തുണ നൽകാനും നാടാകെ വർഗീയ കാർഡ് ഇറക്കി വോട്ടുപിടിക്കാനും ശ്രമിച്ചവർക്ക് മതേതര കേരളം നൽകിയ ശക്തമായ മറുപടിയാണ് കോഴിക്കോട് ജില്ലയിൽനിന്നുള്ള പന്ത്രണ്ട് യു.ഡി.എഫ്. അംഗങ്ങളുമെന്ന് നാം മനസ്സിലാക്കണം. അവിടെയാണ് ടി.പി. ചന്ദ്രശേഖരനെ വധിച്ചതും കാഫീർ സ്ക്രീൻഷോട്ട് ഇറക്കി വർഗീയത പ്രചരിപ്പിക്കാൻ ശ്രമിച്ചതും. ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.-യെയും

*23-06-2026*
*Financial Business*

ശ്രീ. ഷാഫി പറമ്പിൽ, എം.പി.-യെയും പുറത്തിറങ്ങാൻ സമ്മതിക്കില്ലെന്ന് വെല്ലുവിളിച്ചത് നിങ്ങളുടെ കോഴിക്കോട് ജില്ലാ സെക്രട്ടറിയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത്. ജനങ്ങളെ സംഘടിപ്പിച്ച്, ജനാധിപത്യത്തെ മുറുകെപ്പിടിച്ച്, നിങ്ങൾക്ക് പ്രതിരോധം തീർത്തുകൊണ്ട് അതിശക്തമായി ഞങ്ങൾ മുന്നോട്ടുപോകും. ഇപ്പോൾ ഈ സഭയിലുള്ള ശ്രീമതി ഫാത്തിമ തഹിലിയയുടെ തിരഞ്ഞെടുപ്പ് പ്രചാരണവും നിങ്ങൾ വർഗീയ കാർഡാക്കി. വർഗ സമരത്തിനുപകരം വർഗീയ സമരം കൊണ്ടുവന്ന നിങ്ങളെ ജനം പാഠം പഠിപ്പിച്ചുവെന്ന കാര്യം ഓർക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബജറ്റിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. വിസ്മയം തീർക്കുമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. നല്ല ഭാവനയോട് കൂടി അവതരിപ്പിച്ച ഈ ബജറ്റ് ഒരു വിസ്മയമാണ്. ആ വിസ്മയത്തിന്റെ ഭാഗമായി മാവൂരിലേയ്ക്ക് വ്യവസായം അനുവദിച്ച് തന്ന സർക്കാരിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ജയ് ഹിന്ദ്